പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4266 — 25.06.2014 ലെ മറുപടിയ്ക്ക്

## കിറ്റ്സിന്റെ കീഴിൽ സ്റ്റഡി സെന്ററുകൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കിറ്റ്സിന്റെ കീഴിൽ ഇപ്പോൾ എത്ര സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | എ) | എറണാകുളം ജില്ലയിൽ പച്ചാളം, മലയാറ്റൂർ എന്നീ സ്ഥലങ്ങളിലും കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലുമായി കിറ്റ്സിന് 3 സ്റ്റഡി സെന്ററുകൾ ഉണ്ട്. |
| ബി) | പ്രസ്തുത സെന്ററുകൾ നടത്തുന്ന കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | ബി) | എറണാകുളത്ത് മുസിരിസ് പദ്ധതി പ്രദേശത്തേക്കു വേണ്ടി ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിംഗ് പ്രോഗ്രാമും, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, തലശ്ശേരിയിൽ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, എയർപോർട്ട് ഓപ്പറേഷൻ എന്നീ കോഴ്സുകളുമാണ് നടത്തി വരുന്നത്. മേൽപ്പറഞ്ഞ സെന്ററുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഹുണാർ-സേ-റോസ്ഗാർ പദ്ധതിപ്രകാരമുള്ള ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജ് സർവീസ് എന്നീ കോഴ്സുകളും നടത്തിവരുന്നു. |
| സി) | കിറ്റ്സിന്റെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | സി) | ഉണ്ട്; 1988 ൽ ആരംഭിച്ച കിറ്റ്സ് ഇപ്പോൾ എം.ബി.എ.(ടൂറിസം), പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, എയർപോർട്ട് ഓപ്പറേഷൻസ്, അയാട്ട സർട്ടിഫിക്കേഷൻ കോഴ്സ് എന്നിവ നടത്തി വരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് വേണ്ടി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഹുണാർ-സേ-റോസ്ഗാർ പദ്ധതിപ്രകാരം സൗജന്യ |

| | | | |
|---|---|---|---|
| | | | പരിശീലനവും നടത്തുന്നു. സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനത്തിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ കോവളം, കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, ബേക്കൽ, കുമ്പളങ്ങി എന്നിവിടങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നു. എറണാകുളം, കണ്ണൂർ ജില്ലകളിലെ പഠനകേന്ദ്രങ്ങൾ വഴി ഹ്രസ്വകാല കോഴ്സുകളും പരിശീലനങ്ങളും നടത്തുന്നുണ്ട്. തിരുവനന്തപുരം മെയിൻ കാമ്പസിൽ പുതിയ അക്കാഡമിക് ബ്ലോക്കും പെൺകുട്ടികളുടെ ഹോസ്റ്റലും സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ